(എച്ച്) സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്ന മുറയ്ക്ക് പെൻഷൻ കുടിശ്ശിക തീർത്തുനൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള കുടിയേറ്റ തൊഴിലാളികൾ

92 [1231] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് കുടിയേറ്റം നടത്തിയ തൊഴിലാളികളെ കേരളത്തിലെ വിവിധ വ്യവസായ സ്ഥാപനങ്ങളിൽ പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ. തുടങ്ങിയ നിയമാനുസൃത ആനുകൂല്യങ്ങൾ ബാധകമാക്കാതെ ജോലി ചെയ്യിപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ട്, എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇത്തരം ചില ഒറ്റപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമവും മറ്റ് തൊഴിൽ നിയമങ്ങൾ പ്രകാരവും ആവശ്യമായ നടപടികൾ സ്വീകരിച്ച് പരാതികൾ പരിഹരിച്ചിട്ടുണ്ട്.

തടി വ്യവസായ തൊഴിലാളികളുടെ മിനിമം കൂലി

93 [1232] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടി വ്യവസായ തൊഴിലാളികളുടെ മിനിമം കൂലി ഏറ്റവും ഒടുവിൽ പുതുക്കിയത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ മിനിമം കൂലി പുതുക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1993-ൽ.

(ബി) ഉണ്ട്.

(സി) ടിംബർ-പ്ലൈവുഡ് വ്യവസായത്തിലെ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിൻമേലുള്ള പൊതുജനങ്ങളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി 30-5-2001-ൽ 173/ഇ1/98/തൊഴിൽ നമ്പരായി പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly